**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1274** **02/03/2017-ൽ മറുപടിയ്ക്ക്**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീമതി.യു.പ്രതിഭ ഹരി** | **പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

**പൊതു വിദ്യാലയങ്ങളിലെ ക്ലാസ് തല ഹാജർ ബുക്ക്**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ക്ലാസ്സ്തല ഹാജർ ബുക്കിൽ എസ്.സി/എസ്.ടി. വിഭാഗം വിദ്യാർത്ഥികളുടെ പേരിന് നേരെ എല്ലാ മാസവും ചുവന്ന മഷി വച്ച് മാർക്ക് ചെയ്യുന്നത് വിദ്യാർത്ഥികളെ മാനസികമായി തളർത്തുന്നു എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ക്ലാസ്സ്തല ഹാജർ ബുക്കിൽ പട്ടികജാതി, പട്ടിക വർഗ വിദ്യാർത്ഥികളുടെ പേരിന് നേരെ ചുവന്ന മഷി ഉപയോഗിച്ച് മാർക്ക് ചെയ്യുന്നത് വിദ്യാർത്ഥികളെ മാനസികമായി തളർത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകിക്കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**